# ഡിസ്ക്രിമിനേഷൻ എന്ന ഒന്ന്

## വർഗീസ് ഏബ്രഹാം ഡെൻവർ (1974)

**'നേ**രെ വാ നേരെ പോ' എന്ന സിദ്ധാന്തത്തിൽ അടിയുറച്ചു വിശ്വസിക്കുന്ന എനിയ്ക്കു ഒരു ട്രാഫിക് വൈലേഷൻ ടിക്കറ്റു കിട്ടി. പ്യുവർ ഡിസ്ക്രിമിനേഷൻ എന്നല്ലാതെ മറ്റെന്താണെന്നു എത്ര ചിന്തിച്ചിട്ടും ഒരെത്തും പിടിയും കിട്ടിയില്ല.

മാർച്ചു മാസം പത്താം തീയതി രാവിലെ ഒൻപതു മണിക്കു ട്രാഫിക് കോർട്ടിൽ ഹാജരാകണം പോലും.

ടിക്കറ്റിനെന്നെ അർഹനാക്കിയ മഞ്ഞമനുഷ്യന്റെ രാജ്യത്തുണ്ടാക്കിയ ആ ശകടത്തിൽ ചാവിയിട്ടു ഒന്നു രണ്ടു തവണ തിരിച്ചു. ശുദ്ധ പഞ്ചമത്തിൽ അനുമന്ത്രസ്ഥായിയിൽ അതു ഒന്നു രണ്ടു പ്രാവിശ്യം ചിലച്ചു. സംഗതിയുടെ ഗൗരവം മനസ്സിലാക്കിയോ എന്തോ ആ ശകടത്തിന്റെ പുകക്കുഴൽ ധുമുധുമാ എന്നു പുക തുപ്പി.

ഇനിയും ഒരു മണിക്കൂർ കൂടിയുണ്ടു കോർട്ടു കൂടാൻ. ഒരു കടുംകാപ്പി കുടിയ്ക്കാൻ സമയമുണ്ട്. കടുംകാപ്പിയോടു വലിയ താൽപര്യമില്ലെങ്കിലും അമേരിക്കയിൽ വന്നന്നു മുതൽ ഞാൻ സായിപ്പിനെ അനുകരിക്കുകയായിരുന്നു.

രണ്ടു മേശകൾക്കപ്പുറത്തായി കടുംകാപ്പിയുടെ നിറമുള്ള ഒരു 'കാപ്പിരി സായിപ്പ്' എന്നെ സൂക്ഷിച്ചു നോക്കുന്നു, എന്നോടെന്തോ ചോദിച്ചാൽ കൊള്ളാമെന്ന പോലെ.

കാപ്പികുടി കഴിഞ്ഞു ബിൽ കൊടുക്കാൻ ചെന്ന എന്റെ പുറകാലെ അയാളും വന്നു. ഞങ്ങൾ രണ്ടുപേരും ഒന്നിച്ചിറങ്ങി.

"യൂ ഫ്രം ഇന്ത്യാ..."?

'യേസ്..."

അതിനിടയിൽ അയാൾ അലക്ഷ്യമായി ഒരു സിഗരറ്റ് എടുത്തു തീ കൊളുത്തി. ഫിൽറ്റർ ഇല്ലാത്ത സിഗരറ്റ്....! സിഗരറ്റ് മുമ്പും ഞാൻ കണ്ടിട്ടുണ്ട്, പലപ്രാവിശ്യം വലിച്ചിട്ടുമുണ്ട്. അന്നു എന്റെ ഏറ്റവും ഫേവററ്റ് സിഗരറ്റായിരുന്നു ചാർമിനാർ. നല്ല മണമുള്ള സിഗരറ്റ്. എന്നാൽ അയാൾ വലിക്കുന്ന സിഗരറ്റിനു ഫിൽറ്റർ ഇല്ല എന്നു മാത്രമല്ല ഒരു സിഗരറ്റിന്റെ അകാര ഭംഗിയോ പേല വത്വമോ ഒന്നും തന്നെയില്ല. ആ സിഗരറ്റു കണ്ടപ്പോൾ പണ്ടു റബ്ബർ വെട്ടുകാരൻ 'തെക്കൻ' തന്ന സിഗരറ്റിനെപ്പറ്റി ഓർത്തുപോയി. പാവപ്പെട്ടവന്റെ സിഗരറ്റ്...! കാക്കി സിഗരറ്റ്...! നീല നൂൽ കൊണ്ടുള്ള കെട്ടോടു കൂടിയ സിഗരറ്റ്....!

അന്ന് സിഗരറ്റു വലിയ്ക്കാനുള്ള ലൈസൻസില്ലായിരുന്നു. എങ്കിലും തൊഴുത്തിന്റെ തട്ടിൻപുറത്തു കയറിയിരുന്നു അതു മുഴുവൻ വലിച്ചു തീർത്തു. അതിന്റെ പുകയേറ്റ ഞങ്ങളുടെ ജേഴ്സി കറവ പശു കറങ്ങി വീണു..., തൊഴുത്തിൽ ചേക്കേറിക്കൊണ്ടിരുന്ന കോഴികൾ തൂങ്ങി നിന്നു. വാർത്ത വീട്ടിൽ മാത്രമല്ല അയൽപക്കം മുഴുവൻ കാട്ടുതീ പോലെ പടർന്നു. കാരണം മനസ്സിലാക്കിയ ഒരദ്ധ്യാപകൻ കൂടിയായ (സ്കൂൾ കുട്ടികളെ തല്ലുന്നതിൽ യാതൊരു വിട്ടുവീഴ്ചയുമില്ലാത്ത) എന്റെ പിതാവ് കൊച്ചുപെങ്ങളോടു മെത്തക്കീഴിൽ നിന്നു ചൂരൽ വടി എടുത്തുകൊണ്ടുവരാൻ പറയുന്നതു കേട്ടു. ആ ചൂരലിനെ എനിക്കു നല്ല പരിചയമാണ്. എണ്ണയിട്ടു മയപ്പെടുത്തിയ ചൂരൽ....! വീട്ടിലെ ക്രമസമാധാന നില തകരുമ്പോൾ അദ്ദേഹം ആ ചൂരലിനെയാണ് അഭയം പ്രാപിക്കാറ്. എന്റെ അടുത്ത സുഹൃത്തു കൂടിയായ വല്യപ്പച്ചൻ അത്തരം സാഹചര്യങ്ങളിൽ എന്നും നിസ്സഹായനായിരുന്നു.

ഏതായാലും ജീവൻ തിരികെ കിട്ടാതെ പോയാലോ എന്നു കരുതി, പ്രാർത്ഥനകളൊക്കെ ചൊല്ലി, മുമ്പിലിരുന്ന ഇഡ്ഡലിയും, കാപ്പിയും ഒന്നിച്ചകത്താക്കി.

പടിഞ്ഞാറുകാരിയായ എന്റെ മാതാവിന്റെ ശോകത്വം നിഴലിക്കുന്ന മുഖം ഞാൻ കണ്ടു. അമ്മ ദയനീയമായി എന്നെയൊന്നു നോക്കി മൂന്നു പ്രാവിശ്യം കുരിശു വരച്ചു.

തുടയിലെ ചൂരൽ പ്രയോഗത്തിന്റെ നീല പാടുകൾ കണ്ട് ഒരു മാതാവു കൂടിയായ അന്ന്

നാമ്മ സാർ വിതുമ്പി.

അന്നു മുതൽ ഞാനൊരു കുറ്റവും ചെയ്യാറില്ല. ചെയ്തിട്ടുമില്ല... ഇന്നും അങ്ങനെ തന്നെ. ആ എനിയ്ക്കാണിന്നു ടിക്കറ്റി കിട്ടിയിരിക്കുന്നത്.

ആ 'നല്ലവനായ' കടുംകാപ്പിയുടെ നിറമുള്ളവൻ എനിക്കും ഒരു സിഗരറ്റ് ഓഫർ ചെയ്തു.

'വാട് ദ ഹെക്ക്, എന്നുമല്ലല്ലോ...' ഓസിൽ കിട്ടിയാൽ എന്തും രണ്ടു കൈയ്യും നീട്ടി വാങ്ങുന്ന ഞാൻ (ഞാനും ഒരു മലയാളിയല്ലേ?) നീല നൂലുകൊണ്ടുള്ള കെട്ടില്ലാത്ത, കാക്കി നിറമില്ലാത്ത ആ സിഗരറ്റു വാങ്ങി മൂന്നു പുകയെടുത്തു.

ഗിൽറ്റിയല്ല എന്നു തെളിയിക്കാനാണല്ലോ എന്റെ ശ്രമം.?

കോർട്ടിൽ ഓരോരുത്തരെയായി വെള്ളക്കടലാസിന്റെ നിറവും, അസ്ഥിശേഷനുമായ ഒരു കിളവൻ സായിപ്പ് പേരു വിളിച്ചു ഒന്നും രണ്ടും കോർട്ടുകളിലേക്കു ആളുകളെ പറഞ്ഞയച്ചു.

കോർട്ടിൽ മാന്യന്മാർ 'യിപ്പികൾ' എന്നു വേണ്ട എല്ലാത്തരക്കാരും ശ്വാസം അടക്കിപ്പിടി ച്ചിരിക്കുന്നു. ജഡ്ജ് ഇനിയും എഴുന്നെള്ളേണ്ടതായിട്ടുണ്ട്. കോർട്ടിലെ മര്യാദകളെപ്പറ്റഇ സായിപ്പ് ഒരു ചെറു പ്രസംഗം തന്നെ നടത്തി.

ഇതിനോടകം സിഗരറ്റിന്റെ പുക എന്റെ സിരകളിൽ കൂടെ അതിവേഗം പാഞ്ഞു. ഞാൻ ചെറുതായൊന്നു വിയർത്തു. ഒരു ചെറിയ സംശയം.... ഇതു പണ്ടു റബ്ബറു വെട്ടുകാരൻ തെക്കൻ തന്ന കാക്കി സിഗരറ്റുപോലെയോ? അന്നീരേഴുലകവും കണ്ടതാണ്, മേഘങ്ങളിൽ കൂടെ ഒഴുകി നടന്നതാണ്, കടലിലെ പതകൾ നുരഞ്ഞു പൊങ്ങുന്നതു കണ്ടതാണ്. ഹിമവാന്റെ പുത്രൻ മൈനാകത്തെ നേരിൽ കണ്ടതാണ്... നൂറു നൂറു സുന്ദര സ്വപ്നങ്ങൾ കണ്ടതാണ്.

ആരാച്ചാരുടെ കറുത്ത കുപ്പായം പോലെ എന്തുകൊണ്ടോ മൂടി പുതച്ച കിളവൻ ജഡ്ജ് അദ്ദേഹത്തിന്റെ സിംഹാസനത്തിൽ വന്നമർന്നിരുന്നു. താൻ ജഡ്ജിയദ്ദേഹമാണ് എന്നറിയിക്കാൻ 'കൊട്ടുവടി' എടുത്തു അദ്ദേഹത്തിന്റെ മുമ്പിലുള്ള ആ പത്തായത്തിൽ രണ്ടുമൂന്നടി...!!!

ഓരോരുത്തരെയായി അദ്ദേഹം ന്യായവിസ്താരത്തിനായി വിളിച്ചു. ഓരോരരുത്തരും നോട്ട് ഗിൽറ്റിയെന്നു അവരുടെ ഭാഷയിൽ പറഞ്ഞു മനസ്സിലാക്കി. ചിലർ സംഭവസ്ഥലത്തു നടന്നതു പടം വരച്ചു കാണിച്ചു, ചിലർ വക്കീലിന്റെ മറപറ്റി ഓരം ചേർന്നു നിന്നു, ചിലർ കരഞ്ഞു കാണിച്ചു, ആരും ഗിൽറ്റിയല്ലെന്നു സമർത്ഥിക്കാൻ ശ്രമിക്കുന്നു. ഹൊ... എന്തൊരു നല്ല ലോകം! ആരും ഗിൽറ്റിയല്ലാത്ത ഒരു ലോകം! മാവേലിയുടെ കാലം പോലെ.

എന്റെ പേരും വിളിച്ചു. അദ്ദേഹം ചോദിച്ചതിനൊക്കെ എന്തെല്ലാമോ മറുപടി പറഞ്ഞു. ശേഷിച്ചിരുന്നാളുകൾ പൊട്ടിച്ചിരിച്ചു. ജഡ്ജും ചിരിച്ചു. പക്ഷേ, അദ്ദേഹത്തിന്റെ ചിരിയിൽ ഗൗരവത്തിന്റെ അല്ലെങ്കിൽ അധികാരത്തിന്റെ ഒരു ചുവ ഉണ്ടായിരുന്നു.

നേരം ഇരുട്ടുന്നതു പോലെ... വെളുക്കുന്ന പോലെ... വീണ്ടും ഇരുട്ടുന്നതു പോലെ...

നേരം വെളുത്തപ്പോൾ പോലീസുകാരൻ ഇരുമ്പു ഗേറ്റ് തുറന്നു തന്നു. വെള്ളക്കടലാസിന്റെ നിറമുള്ള സായിപ്പ് ഏതോ ഒരു വലിയ ബുക്കിൽ ഒപ്പു വയ്ക്കാൻ തന്നു. നൂറ്റമ്പതു ഡോളർ ഉണ്ടോ എന്നു ചോദിച്ചു. എങ്കിൽ ഞാൻ മിസ്റ്റർ ക്ലീൻ ആയി എന്ന് അർത്ഥം. വാടക കൊടുക്കാൻ വച്ചിരുന്ന അഞ്ഞൂറു ഡോളറിൽ നിന്നും നൂറ്റമ്പതു ഡോളറെടുത്ത് കാഷ്യർ വശം കൊടുത്തു.

വെളിയിൽ ഇറങ്ങി കാറിലേക്ക് നടക്കുമ്പോൾ ഇന്നലെ എന്നെ പറ്റിച്ച ആ ഫിൽറ്റർ ഇല്ലാത്ത സിഗരറ്റിന്റെ കുറ്റി എന്നെ നോക്കി പല്ലിളിക്കുന്ന പോലെ തോന്നി.